# മൂറോൻ തൈല കൂദാശ: ചരിത്രപശ്ചാത്തലവും ദൈവശാസ്ത്രമാനങ്ങളും

**ഡോ. ഏബ്രഹാം മാർ ജൂലിയോസ് (മൂവാറ്റുപുഴ ബിഷപ്)**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനായി മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ ചുമതലയേറ്റതിനുശേഷം ആദ്യമായാണ് മൂറോൻ തൈല കൂദാശ സഭയിൽ നടക്കുന്നത്. ഇന്ന് ഉച്ചകഴിഞ്ഞു മൂന്നു മുതൽ കൂദാശയുടെ ഒന്നാം ഭാഗവും നാളെ രാവിലെ ഏഴു മുതൽ കൂദാശയുടെ രണ്ടാം ഭാഗവും തിരുവനന്തപുരം പട്ടം സെന്റ് മേരീസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ നടക്കും. ഒമ്പതു വർഷം മുമ്പ് സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവായുടെ നേതൃത്വത്തിലാണ് ഇതിനുമുമ്പ് മൂറോൻ തൈല കൂദാശ സഭയിൽ നടന്നത്.

''നിന്റെ നാമം പകർന്ന മൂറോൻ'' എന്നാണ് ഉത്തമഗീതം 1:3 ലെ പ്രണയഗാനത്തിൽ മണവാട്ടി മണവാളനോടു മന്ത്രിക്കുന്നത്. ഈ വേദഭാഗത്തെ സഭാപിതാക്കന്മാർ കണ്ടത്, മണവാട്ടിയായ സഭയും മണവാളനായ ക്രിസ്തുവും തമ്മിലുള്ള സ്നേഹകാവ്യമായിട്ടാണ്. അതിനാലാണു മലങ്കര സഭയുടെ സെദറാ പ്രാർഥനകളിൽ ക്രിസ്തുവിനെ ''പകർന്ന പരിമളതൈലമായ മിശിഹാതമ്പുരാനെ'' എന്നു സംബോധന ചെയ്യുന്നത്.

പൗരസ്ത്യസഭകളിൽ ഏറ്റവും ആഘോഷമായ തിരുക്കർമം മൂറോൻ തൈലത്തിന്റെ കൂദാശയാണ്. പാത്രിയർക്കീസ് ഉള്ള സഭകളിൽ അദ്ദേഹത്തിന്റെയും, കാതോലിക്കാ ഉള്ള സഭകളിൽ അദ്ദേഹത്തിന്റെയും പ്രധാന കാർമികത്വത്തിൽ, ആ സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും എപ്പിസ്കോപ്പാമാരും വൈദികഗണവും, ശെമ്മാശന്മാരുടെ നിരകളും വിശ്വാസികളുടെ പ്രതിനിധിസംഘവും ചേർന്നു നടത്തുന്ന ഒരു കൂദാശയാണിത്. മൂറോൻ കൂദാശ സാധാരണ നടത്തുന്നതു പെസഹാ വ്യാഴാഴ്ചയാണ്. നാല്പതു ദിവസത്തെ നോമ്പിനും പ്രാർഥനയ്ക്കുംശേഷം സഭയുടെ ഒരു പരിഛേദം ഒത്തുചേർന്നു രണ്ടു ദിവസംകൊണ്ട് പൂർത്തിയാക്കുന്ന ദീർഘമായ ഒരു ശുശ്രൂഷയാണിത്.

അരിയോപാഗസിലെ വിശുദ്ധ ദിവന്നാസിയോസ് വർണിക്കുന്നതുപോലെ ഒമ്പതു വൃന്ദം മാലാഖമാർക്കു സദൃശ്യരായ ഒമ്പതുഗണം പട്ടക്കാർ അവരവരുടെ സ്ഥാനത്തിനു യോജിച്ച അംശവസ്ത്രങ്ങളോടുകൂടി അലങ്കാരവിഭൂഷിതരായി, ആരാധനയിൽ പങ്കെടുക്കുന്നതു തന്നെ അത്യാകർഷകമാണ്. ഉദ്ദേശം ഏഴു വർഷത്തിലൊരിക്കൽ മാത്രം നടക്കുന്ന തിരുക്കർമമായതുകൊണ്ട്, ധാരാളം വിശ്വാസികളും കൗതുകവും ഭക്തിയും സമരസപ്പെട്ട അന്തരീക്ഷത്തിൽ പങ്കെടുക്കാറുണ്ട്.

മൂറോൻ തൈലം ഉണ്ടാക്കാനുള്ള ദൈവകല്പന നാം കാണുന്നത് പുറപ്പാട് 30: 22-25 വാക്യങ്ങളിലാണ്. ''കർത്താവ് മോശയോട് അരുളിച്ചെയ്തു: മികച്ച സുഗന്ധദ്രവ്യങ്ങൾ എടുക്കുക... അഞ്ഞൂറു ഷെക്കൽ ശുദ്ധമായ മീറയും, ഇരുന്നൂറ്റമ്പതു ഷെക്കൽ സുഗന്ധമുള്ള കറുവാപ്പട്ടയും, ഇരുന്നൂറ്റമ്പത് ഷെക്കൽ സുഗന്ധസസ്യവും, അഞ്ഞൂറു ഷെക്കൽ അമരിപ്പട്ടയും ഒരു ഹിൻ ഒലിവെണ്ണയും എടുക്കുക. സുഗന്ധതൈലങ്ങൾ നിർമിക്കുന്ന വിദഗ്ധനെപ്പോലെ ഇവയെല്ലാം കൂട്ടിക്കലർത്തി ഒരു വിശുദ്ധ തൈലമുണ്ടാക്കണം. അതു വിശുദ്ധമായ അഭിഷേക തൈലമായിരിക്കും.'' ഈ തൈലമുപയോഗിച്ചാണു പുരോഹിതർ, രാജാക്കന്മാർ, പ്രവാചകന്മാർ എന്നിവരെ അവരോധിച്ചിരുന്നത്. അതുപയോഗിച്ചാണ് വിശുദ്ധസ്ഥലവും ആരാധനയ്ക്കുപയോഗിക്കുന്ന ഉപകരണങ്ങളും

വിശുദ്ധീകരിക്കപ്പെട്ടിരുന്നത്.

സഭയിലെ ഒരു പഴയ പാരമ്പര്യപ്രകാരം അപ്പസ്തോലന്മാർ കർത്താവിന്റെ കബറടക്കത്തിനുശേഷം ബാക്കിവന്ന സുഗന്ധദ്രവ്യങ്ങൾ എണ്ണയോടു ചേർക്കുകയും, സീയോൻ മാളികയിൽ വച്ച് ആശീർവദിച്ച്, മാമ്മോദീസാ സ്വീകരിച്ചവരെ അഭിഷേകം ചെയ്യാനായി ഉപയോഗിക്കുകയും ചെയ്തു. ശ്ലീഹന്മാർ കൈവയ്പു വഴിയാണ് പരിശുദ്ധാത്മാവിനെ നൽകിയിരുന്നതെന്നു നാം വായിക്കുന്നു (അ. പ്ര. 8:14–17; 19:1–6). എന്നാൽ സഭ വികസിച്ചതോടെ, ശ്ലീഹന്മാർക്ക് എല്ലായിടത്തും എത്താൻ അസാധ്യമായിത്തീർന്നതുകൊണ്ട്, വാഴ്ത്തപ്പെട്ട തൈലം വിവിധ സ്ഥലങ്ങളിലേക്കു കൊടുത്തുവിടുകയും മെത്രാന്മാരും വൈദികരും അത് അഭിഷേകത്തിനായി ഉപയോഗിക്കുകയും ചെയ്തു.

**വിശുദ്ധ മൂറോൻ ഉണ്ടാക്കുന്ന വിധം**

നാല്പതോളം സുഗന്ധവ്യഞ്ജനങ്ങൾ പൊടിച്ച് ഒലിവെണ്ണയിൽ കാച്ചിയെടുക്കുന്നു. ശരിയായ രീതിയിൽ, എണ്ണ മൂപ്പെത്താൻ മൂന്നു ദിവസമെടുക്കും. ചെറുചൂടിൽ വേണം എണ്ണ പാകപ്പെടുത്താൻ. ഇടയ്ക്ക് എണ്ണ ചട്ടുകംകൊണ്ട് ഇളക്കിക്കൊണ്ടിരിക്കണം. അതിൽ സഹകാരികളായവർ നൂറ്റിയമ്പതു സങ്കീർത്തനങ്ങളും, അല്ലെങ്കിൽ നോമ്പിലെ പ്രാർഥനകളും ചൊല്ലിക്കൊണ്ടുവേണം എണ്ണ കാച്ചാൻ. ഇപ്രകാരം കാച്ചിയെടുത്ത എണ്ണ അരിച്ചെടുത്ത്, കൂദാശയുടെ അവസാനഭാഗത്ത് ബാൾസം എന്ന സൗരഭ്യതൈലവുമായി മിശ്രിതപ്പെടുത്തുന്നു.

എണ്ണ ക്രിസ്തുവിന്റെ മനുഷ്യത്വത്തെയും ബാൾസം ദൈവത്വത്തെയും സൂചിപ്പിക്കുന്നു. കൂദാശയ്ക്കുശേഷം, വാഴ്ത്തപ്പെട്ട തൈലം ബലിപീഠത്തിന്റെ അടിയിൽ സൂക്ഷിക്കുന്നു. ഉയിർപ്പിനുശേഷമുള്ള തിങ്കളാഴ്ച പുതിയ മൂറോനും ശ്ലൈഹികകാലം മുതൽ കൈമാറിവരുന്ന പഴയ മൂറോന്റെ ഒരംശവുമായി ചേർത്തു മിശ്രിതപ്പെടുത്തിയശേഷം, എല്ലാ ഭദ്രാസനങ്ങളിലേക്കും വൈദികർ മുഖാന്തിരം കൊടുത്തുവിടുന്നു.

**മൂറോന്റെ ഉപയോഗം മലങ്കര സഭയിൽ**

മലങ്കര സഭയിൽ മാമ്മോദീസാത്തൊട്ടിയിലെ വെള്ളത്തിൽ വിശുദ്ധ മൂറോൻ ഒഴിച്ചാണ് ജ്ഞാനസ്നാനത്തിനുള്ള ജലത്തെ വിശുദ്ധീകരിക്കുന്നത്. മാമ്മോദീസാ സ്വീകരിച്ച വ്യക്തിക്കു മൂറോനഭിഷേകം നൽകുമ്പോൾ, അർഥിയുടെ ശിരസ്, കണ്ണുകൾ, കാതുകൾ, മൂക്ക്, വായ്, നെഞ്ച്, പുറം, കൈകാലുകൾ എന്നീ ശരീരഭാഗങ്ങളിൽ തൈലം പുരട്ടണം. പ്രധാന പള്ളികളും അവയുടെ ബലിപീഠങ്ങളും മൂറോൻ തൈലം ഉപയോഗിച്ച് കൂദാശ ചെയ്യപ്പെടാം.

വിശുദ്ധ കുർബാന അർപ്പിക്കുമ്പോൾ ത്രോണോസിൽ കാസാ–പീലാസ വയ്ക്കുന്ന ചെറിയ പലക (തബ്ലീത്തോ) മൂറോൻ പുരട്ടിയാണ് വിശുദ്ധീകരിക്കുന്നത്. അതിനുശേഷം, ആ തബ്ലീത്തോ ആശീർവദിച്ച മേൽപട്ടക്കാരന്റെ പേരും മുദ്രയും ചാർത്തിയാണ് പൂർത്തീകരിക്കുന്നത്. വൈദികർക്കു സഭയിൽ നിയമവിധേയമായി കൂദാശ അർപ്പിക്കാൻ അധികാരമുണ്ടെന്നതിന്റെ തെളിവിലേക്കു യാത്രചെയ്തിരുന്ന വൈദികർ തബ്ലീത്തോ ഒരു ഐഡന്റിറ്റി കാർഡുപോലെ കൊണ്ടുനടന്നിരുന്നു. കൂടാതെ, കുർബാനയർപ്പിക്കുന്ന കാസാ–പീലാസ സെറ്റ് മൂറോനുപയോഗിച്ച് കൂദാശ ചെയ്യാം.

**മൂറോൻ സ്വീകരണത്തിന്റെ ഫലങ്ങൾ**

പരിശുദ്ധാത്മ നിറവിനെ സൂചിപ്പിക്കുന്ന വിശുദ്ധ മൂറോൻ സ്വീകരിക്കുന്ന വ്യക്തിയിൽ ദൈവകൃപയിലുള്ള വർധന ഉണ്ടാകുന്നു. പരിശുദ്ധാത്മാവിന്റെ ഏഴു ദാനങ്ങൾ സ്വീകർത്താവിൽ സജീവമാകുന്നു. യേശുവിന്റെ നാമത്തെ ഏറ്റുപറയാനുള്ള ധൈര്യം ലഭിക്കുന്നു. ആത്മാവിന്റെ അദൃശ്യങ്ങളായ ശത്രുക്കളോടും പാപശക്തികളോടും ലോകത്തിന്റെ ആകർഷണങ്ങളോടും പടവെട്ടാനുള്ള ആയുധമാണ് വിശുദ്ധ മൂറോൻ. അതു സ്വീകരിക്കുന്നയാളിൽ മായാത്ത മുദ്ര പതിപ്പിക്കുന്നതുകൊണ്ട് ഒരിക്കൽ മാത്രമേ വിശുദ്ധ മൂറോൻ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**വിശുദ്ധ മൂറോൻ പരിശുദ്ധാത്മാവിന്റെ മുദ്രയും അടയാളവും**

നസ്രായനായ യേശു തന്നെയാണ് ആദ്യം പരിശുദ്ധാത്മാവിന്റെ അഭിഷേകം സ്വീകരിച്ചത് (ലൂക്കാ 4:18; അ. പ്ര 10:38). ക്രിസ്തുവിന്റെ വചനം ശ്രവിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്ന നാം ഓരോരുത്തരും പരിശുദ്ധാത്മാവിനാൽ മുദ്രിതരായിരിക്കുന്നുവെന്ന് എഫ് 1:13-ൽ പ്രസ്താവിക്കുന്നു; ''അവിടുന്ന് നമ്മിൽ തന്റെ മുദ്ര പതിക്കുകയും അച്ചാരമായിട്ട് തന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്കു പകരുകയും ചെയ്തിരിക്കുന്നു'' എന്ന് വിശുദ്ധ പൗലോസ് 2 കോറി 1:22-ലും സാക്ഷ്യപ്പെടുത്തുന്നു.

മുദ്ര സൂചിപ്പിക്കുന്നത് മുദ്രകുത്തപ്പെട്ടയാൾ (1) ആരുടെ സ്വന്തമാണെന്നും (2) ആരുടെ സംരക്ഷണയിൻ കീഴിലാണെന്നുമാണ്. മുദ്ര പ്രാപിച്ചവർക്കു ചില ഉത്തരവാദിത്വങ്ങളുമുണ്ട്. ''രക്ഷയുടെ ദിനത്തിൽ നിങ്ങളെ മുദ്രിതരാക്കിയ ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ വേദനിപ്പിക്കരുത്'' (എഫ് 4:30).

**മൂറോൻ കൂദാശയുടെ സാമൂഹ്യമാനങ്ങൾ**

1. വിശുദ്ധ മൂറോൻ അപ്പസ്തോലിക സഭയുടെ തുടർച്ച ഉറപ്പുവരുത്തുന്നു. സഭ ക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനങ്ങളുടെ തുടർച്ചയാണ്. സഭാജീവിതത്തിൽ ഭൂതം-വർത്തമാനം-ഭാവികാലങ്ങൾ സമന്വയിക്കപ്പെടുന്നു. കാലവ്യത്യാസങ്ങളോ, ചരിത്രസംഭവങ്ങളോ, ഭൂമിശാസ്ത്രപരമായ അകലങ്ങളോ ഒന്നും അപ്പസ്തോലിക സഭയോടുള്ള ബന്ധം മുറിക്കുന്നില്ല. അതിപൗരാണികമായ ഈ തിരുക്കർമംവഴി നാം ശ്ലീഹന്മാരുടെ വിശ്വാസപാരമ്പര്യത്തിലേക്ക് തിരികെപ്പോയി ശക്തിയാർജിക്കുകയും, വർത്തമാനകാലത്തിൽ കാലൂന്നിക്കൊണ്ട്, സഭയുടെ നല്ല നാളെകളെ ഉറ്റുനോക്കുകയും ചെയ്യുന്നു.

2. മലങ്കര സഭയുടെ ഐക്യം പ്രകാശിപ്പിക്കുന്നു. വിശ്വാസത്തിലും സന്മാർഗത്തിലുമുള്ള ഐകരൂപ്യം കാത്തുസൂക്ഷിക്കാൻ മാത്രമല്ല, നാം കടപ്പെട്ടിരിക്കുന്നത്; ആഗോള കത്തോലിക്കാസഭയുടെയും, പുത്തൻകൂർ സമുദായത്തിന്റെ പ്രത്യേകമായ സംസ്കാരവും പരിപോഷിപ്പിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ഒരു സംസ്കാരത്തിന്റെ പിൻബലം ഇല്ലെങ്കിൽ വിശ്വാസത്തിനോ സന്മാർഗത്തിനോ അതിൽത്തന്നെ നിലകൊള്ളാൻ സാധിക്കുകയില്ല.

സുറിയാനി അന്തോക്യൻ സഭയുടെയും മലങ്കരയുടെയും പാരമ്പര്യങ്ങൾ സമന്വയിപ്പിക്കപ്പെട്ട സംസ്കാരമാണല്ലോ മലങ്കര കത്തോലിക്കാ സഭയുടേത്. ഇതേ വിശ്വാസപാരമ്പര്യങ്ങൾ അനുധാവനം ചെയ്യുന്ന മറ്റു സമൂഹങ്ങളോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കാനുള്ള ഒരവസരം കൂടിയാണ് അടിസ്ഥാന കൂദാശയാകുന്ന മൂറോൻ കൂദാശയുടെ ഈ സന്ദർഭം.

3. സഭയുടെ ആന്തരികജീവനിൽ പങ്കെടുക്കാനുള്ള ക്ഷണം. സഭ വെറുമൊരു സംഘടനയോ, വിശ്വാസവിഷയങ്ങളുടെയോ, കർമവിധികളുടെയോ ഒരു സമാഹാരമോ അല്ല. അതു ജീവന്റെ പൂർണതയിലേക്കുള്ള നിരന്തര ക്ഷണമാണ്.

ക്രിസ്തുവിലേക്കു മാനസാന്തരപ്പെട്ട ജീവിതം നയിക്കുന്നവരിൽ പരിശുദ്ധാത്മാവ് പുറപ്പെടുവിക്കുന്ന ഒരേയൊരു ഫലമുണ്ട്; ആ ഫലത്തിന് ഒമ്പതു ഭാവങ്ങൾ ഉള്ളതായി ഗലാ 5:22-23 പ്രസ്താവിക്കുന്നു: '' സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം''- ഇവ ഒരാളിൽ പരിശുദ്ധാത്മാവ് വസിക്കുന്നുവെന്നതിന്റെ പ്രത്യക്ഷ ലക്ഷണങ്ങളാണ്.

4. മൂറോൻ കൂദാശ ആത്മനവീകരണത്തിനുള്ള അവസരം. മൂറോൻ കൂദാശയുടെ സന്ദർഭം സഭയിലുള്ള പരിശുദ്ധാത്മവാസത്തെ ഉജ്ജീവിപ്പിക്കാനും നവീകരിക്കാനുമുള്ള സമയമാണ്. കാലത്തിന്റെ കുത്തൊഴുക്കിൽ അടിഞ്ഞുകൂടുന്ന പൊടിയും, ചെളിയും തുരുമ്പും മാറ്റി സഭയെ നിർമലയും പ്രവർത്തനസജ്ജവുമായി മാറ്റേണ്ടതുണ്ട്. സഭയ്ക്കുള്ളിൽ ഉണ്ടാകുന്ന ധാർമികക്ഷയം വിശാലമനുഷ്യസമൂഹത്തെ ദോഷകരമായി ബാധിക്കും. സുവിശേഷ സത്യത്തിന്റെ വേരുകൾ സഭാജീവിതത്തിൽ എത്രമാത്രം താഴ്ന്നിറങ്ങുമോ, അത്രയധികം സ്വസ്ഥതയും സമാധാനവും സമൂഹമധ്യത്തിൽ ഉണ്ടാകും.

പാശ്ചാത്യവത്കരണത്തിന്റെയും ആഗോളീകരണത്തിന്റെയും വേലിയേറ്റം ഒരു 'സുനാമി'പോലെ ഇരച്ചുകയറുമ്പോൾ, ലോകത്തിലെ ചെറിയ രാജ്യങ്ങളും ജനസമൂഹങ്ങളും അവരുടെ തനതായ വിശ്വാസങ്ങളും പാരമ്പര്യങ്ങളും പിടിച്ചുനിർത്താൻ നന്നേ പണിപ്പെടുകയാണ്. രണ്ടായിരം വർഷം മുമ്പ് ശ്ലീഹന്മാർ അനുഷ്ഠിച്ച കർമം, പുനരവതരിപ്പിക്കുമ്പോൾ, സഭയുടെ തനിമ ഒരു സമൂഹമായി സമർഥിക്കുകയാണ്.

മൂറോൻ കൂദാശയുടെ സെദറായിൽ പ്രാർഥിക്കുന്നതുപോലെ, ''കർത്താവേ, ഈ മൂറോൻ തൈലം ഞങ്ങൾക്കു പുതിയ ജീവന്റെ ഉറവയും വിശുദ്ധിയുടെ ഒഴുക്കും... പിശാചുക്കൾക്ക് ഭയജനകവും, പാപദാസ്യത്തിൽനിന്നു സ്വാതന്ത്ര്യം നൽകുന്നതും... പരിപാകതയുടെ മുദ്രയും സംരക്ഷണത്തിന്റെ അടയാളവും... സ്വർഗീയതയിലേക്ക് കരേറ്റുന്ന ഗോവേണിയും ആക്കിത്തീർക്കണമെ. വിശുദ്ധ ഏവൻഗേലിയോന്റെ സന്നദ്ധതയാകുന്ന ചെരിപ്പ് ഞങ്ങളുടെ കാലുകളിൽ അണിയിക്കേണമെ'' പേജ് (37-38).

പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുന്നവർക്ക് അലസമായിരിക്കാൻ സാധിക്കുകയില്ല. സുവിശേഷീകരണത്തിന്റെ ഈ നവയുഗപ്പിറവിയിൽ, സ്വർഗത്തിൽനിന്നുള്ള ശക്തി പ്രാപിച്ച്, ഭൂതലസമീകൾവരെ സുവിശേഷവേലയ്ക്കായി ഇറങ്ങിത്തിരിക്കാനുള്ള സന്നദ്ധതകൂടി മൂറോൻ കൂദാശയുടെ ഫലമാണ്.

മൂറോൻ അഥവാ സ്ഥൈര്യലേപനം എന്ന കൂദാശ സ്വീകരണത്തിലൂടെയാണ് ഒരു ക്രിസ്ത്യാനി തന്റെ സാക്ഷ്യജീവിതത്തിനു ബലപ്പെടുന്നത്. സത്യത്തിനും, നന്മയ്ക്കുംവേണ്ടി ത്യാഗങ്ങൾ ഏറ്റെടുക്കാനും, ജീവൻ ബലിനല്കിപ്പോലും ധർമം പാലിക്കാനും ശക്തി ലഭിക്കുന്നത് ഈ കൂദാശാസ്വീകരണത്തിലൂടെയാണ്.

[Adopted from Deepika ]